പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4397** **13.11.2019-ൽ മറുപടിയ്ക്ക്**

**ആനക്കയം പട്ടികവർഗ്ഗ കോളനിയിലെ ജനങ്ങളുടെ പുനരധിവാസം**

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | 2018-ലെ മഹാപ്രളയത്തോടനുബന്ധിച്ചുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം പട്ടികവർഗ്ഗ കോളനിയിലെ ജനങ്ങൾ കോളനി വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉരുൾപൊട്ടലിന്റെ ഭയംമൂലം തിരികെ കോളനിയിലേയ്ക്ക് മടങ്ങാതെ സമീപപ്രദേശത്തെ പാറയിൽ ഷെഡ് കെട്ടി താമസിച്ചുവരുന്ന ഇവർക്ക് പുതുതായി താമസസ്ഥലം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; | ബി) | കാലവർഷക്കെടുതിയിൽ ഉരുൾപൊട്ടൽ ഭീഷണി നേരിട്ട ആനക്കയം കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ 5/8/2019-ലെ കോളനി സന്ദർശന വേളയിൽ എടുത്ത തീരുമാനപ്രകാരം ആനക്കയം കോളനിയിലെ കുടുംബങ്ങൾക്ക് ഓരോരുത്തർക്കും അവിടെ ഉണ്ടായിരുന്ന ഭൂമിക്ക് തുല്യമായ അളവിൽതന്നെ പകരം ഭൂമി തവളക്കുഴിപ്പാറ കോളനിയിൽ പോകുന്ന വഴിയിൽ അനുവദിച്ചു നൽകുന്നതിന് വനം വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള തുടർനടപടികൾ നടന്നു വരുന്നുണ്ട്. |
| സി) | അംബേദ്കർ വികസന പദ്ധതിയിൽ ഉൾപ്പെട്ട് അനുമതി ലഭിച്ച ആനക്കയം കോളനിയിൽ പ്രസ്തുത വികസന | സി) | 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ആനക്കയം |

| | | | |
|---|---|---|---|
| | പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാച്ചുമരം കാടർ കോളനിയിലേയ്ക്ക് പ്രസ്തുത പദ്ധതി മാറ്റി അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | കോളനിയിൽ പ്രസ്തുത വികസന പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാച്ചുമരം കാടർ കോളനിയിലേയ്ക്ക് പ്രസ്തുത പദ്ധതി മാറ്റി അനുവദിച്ച് നൽകുവാൻ സാധിക്കുകയില്ല. എന്നാൽ വാച്ചുമരം കാടർ കോളനിയുടെ പിന്നോക്കാവസ്ഥ പരിശോധിച്ച് ആവശ്യമെങ്കിൽ, ടി കോളനിയെ 2019-20 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ